ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ താലൂക്കുകളുടേയും വില്ലേജുകളുടേയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. അദ്ദേഹം ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെട്ടതിനെ തുടർന്ന് കമ്മീഷന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. പുതിയ കമ്മീഷനെ നിയമിക്കുവാൻ സർക്കാരുദ്ദേശിക്കുന്നു. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ വില്ലേജ് രൂപീകരണം സാദ്ധ്യമാവുകയുള്ളു.

വില്ലേജ് ഓഫീസർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ അധികാരം

12 [2901] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ വില്ലേജ് ഓഫീസർ മുഖാന്തിരം താലൂക്ക് ഓഫീസറാണ് നൽകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്കൂൾ സർട്ടിഫിക്കറ്റുകളിലും മറ്റും ജാതി കൃത്യമായി രേഖപ്പെടുത്തിയവർക്ക് അവരുടെ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി വില്ലേജ് ഓഫീസറെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരപ്പെടുത്തുമോ;

(സി) ഒരു താലൂക്കിൽ നിന്നും മറ്റൊരു താലൂക്കിലേക്ക് വിവാഹം കഴിച്ചു കൊണ്ടുവന്നവർക്കും, സ്ഥിരതാമസക്കാർക്കും, അവർ താമസിക്കുന്ന വില്ലേജ് ഓഫീസർ മുഖേന തന്നെ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്.സി/എസ്.ടി. വിഭാഗക്കാർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് ഇപ്പോൾ തഹസിൽദാർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ സർട്ടിഫിക്കറ്റ് നൽകിവരുന്നു. നിലവിലുള്ള ഈ സംവിധാനത്തിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്ന ജാതി, കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ രക്ഷിതാക്കൾ പറഞ്ഞുകൊടുക്കുന്നതാണ്. ആയതിനാൽ സ്കൂൾ സർട്ടിഫിക്കറ്റിനെ മാത്രം അടിസ്ഥാനമാക്കി ജാതി സർട്ടിഫിക്കറ്റ് നൽകാൻ വില്ലേജ് ഓഫീസറെ അധികാരപ്പെടുത്താൻ സാധിക്കുകയില്ല.

(സി) അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരപരിധിയുള്ള വില്ലേജ് ഓഫീസർ വഴി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ ഇപ്പോൾ തന്നെ സംവിധാനം നിലവിലുണ്ട്. എന്നാൽ മുമ്പ് താമസിച്ചിരുന്ന സ്ഥലത്തുനിന്നും അന്വേഷണ റിപ്പോർട്ട് ആവശ്യമായി വരുന്ന കേസുകളിൽ അത്തരം റിപ്പോർട്ടുകൾ ആവശ്യപ്പെടാവുന്നതാണ്.

വില്ലേജ് ഓഫീസുകളിലെ ഫോൺ

13 [2902] ശ്രീ. സി. പി. മുഹമ്മദ് :
,, എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എം. എ. വാഹീദ് :
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വില്ലേജാഫീസുകളുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തിന് ഫോൺ നൽകി;

(സി) വില്ലേജ് ഓഫീസുകളിലെ ഫോൺ ഉപയോഗത്തിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) വില്ലേജ് ഓഫീസുകളിൽ സ്ഥാപിച്ച ഫോണിന് ശരാശരി കാൾചാർജ്, റന്റ് എന്നീയിനങ്ങളിൽ ഓരോ രണ്ടുമാസത്തിലും എന്ത് ചെലവ് വരുന്നുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിൽ തസ്തിക നിർത്തലാക്കുന്ന നടപടി

14 [2903] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ നാല് വർഷത്തിനകം റവന്യൂ വകുപ്പിൽ നിർത്തലാക്കിയ തസ്തികകൾ എത്രയാണ്;

(ബി) ഇത്തരത്തിൽ തസ്തികകൾ നിർത്തലാക്കുവാനുള്ള കാരണം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly